ജന്മഭൂമി

11 January 2020

# മത്തി കുറഞ്ഞപ്പോൾ കനത്ത നഷ്ടം

**കൊച്ചി:** മത്തി ലഭ്യതയിലെ ഗണ്യമായ കുറവ് മൂലം ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടായതായി വിലയിരുത്തൽ. മത്തി ലഭ്യതക്കുറവിനാൽ 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം പകുതിയിലേറെ കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർ കണ്ടെത്തി. സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര മറൈൻ സിമ്പോസിയത്തിലെ പഠന റിപ്പോർട്ടിലാണീ വിവരം.

ചെറിയ വള്ളങ്ങളിൽ നിന്നുള്ള ശരാശരി വരുമാനം 12,000 രൂപയായിരുന്നത് 2014ന് ശേഷം ശരാശരി 2500 രൂപയായെന്ന് പഠനനേതൃത്വം നൽകിയ സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ. എൻ. അശ്വതി പറഞ്ഞു. 2010 മുതൽ 2018 വരെയുള്ള കാലമാണ് പഠിച്ചത്. ഇക്കാലത്ത് മത്തിലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്ന് 77,000 ടണ്ണായി. ശരാശരി 19.82 ശതമാനം വാർഷിക കുറവ്.

മത്തിക്ഷാമത്തിൽ, ചില്ലറ വ്യാപാരത്തിൽ മത്തിവില ശരാശരി 47 രൂപയിൽ നിന്ന് 120 ആയി. എന്നിട്ടും, മത്തിയുടെ മൂല്യം 1219 രൂപ കോടി രൂപയിൽ നിന്ന് 925 കോടി രൂപയായി.

കേരളത്തിലെ സാധാരണ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തതാണ് ഈ പഠനം. 2012ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. 2017ൽ നേരിയ വർധനവുണ്ടായെങ്കിലും വീണ്ടും മത്തി കുറഞ്ഞു.. 2018ൽ 77,093 ടൺ മത്തിയാണ് കേരളത്തിൽ ലഭ്യമായത്.